# നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം

Office of the Naduvannur village panchayat

നടുവണ്ണൂർ പി.ഒ. പിൻ- 673614, കോഴിക്കോട് ജില്ല.

Naduvannur P O, PIN-673614, Kozhikode district, Kerala state, India.

ഫോൺ/Phone: +91 496 2652247 ഇ-മെയിൽ/e-mail: secndr@gmail.com


B4- 3293840-2025 തീയ്യതി : 19.07.2025

ജില്ല ജോയിന്റ് ഡയറക്ടർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്
കോഴിക്കോട്

സർ,

**വിഷയം :** നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് - പരാതി പരിഹരിക്കുന്നത് സംബന്ധിച്ച്.

**സൂചന :** 1. തദ്ദേശ അദാലത്തിൽ സമർപ്പിച്ച ശ്രീ.ബേബി ചാമുണ്ഡി പറമ്പിൽ എന്നവരുടെ പരാതി

ശ്രീ ബേബി ചാമുണ്ടി പറമ്പിൽ , നടുവണ്ണൂർ ഗ്രാമ പഞ്ചായത്തിലെ 5 വാർഡിൽ ടിയാളുടെ ഉടമസ്ഥതയിലുള്ള വീടിന് നമ്പർ ലഭിച്ചിരുന്നതാണെന്നും എന്നാൽ ഗ്രാമ പഞ്ചായത്ത് രേഖകളിൽ നിലവിൽ നമ്പർ ഇല്ലാത്തതിനാൽ ബുദ്ധിമുട്ട് നേരിടുന്നതായും വീടിന്റെ പിൻവശത്തുകൂടെ കടന്നുപോകുന്ന പൊതുവഴിയിൽ നിന്നും ആവശ്യമായ അകലം കാണിക്കുന്നില്ല എന്ന കാരണമാണ് ഗ്രാമ പഞ്ചായത്ത് അധികൃതർ പറയുന്നതെന്നും ആയതിനാൽ പ്രശ്നപരിഹാരം ഉണ്ടാകണമെന്നും ആവശ്യപെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥിരിം അദാലത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

അദാലത്തിൽ നിന്നും ലഭിച്ച നിർദ്ദേശത്തിൻറെ അടിസ്ഥാനത്തിൽ സാങ്കേതിക വിഭാഗത്തിന്റെ സഹായത്തോടെ സ്ഥല പരിശോധന നടത്തുകയും, കെട്ടിടം നിയമപരമായി ക്രമവൽക്കരിക്കുവാൻ സാധിക്കുന്നതാണെന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. നിയമാനുസരണം ക്രമവൽക്കരണ അപേക്ഷ സമർപ്പിക്കുവാൻ കക്ഷിക്ക് നേരിൽ നിർദ്ദേശം നൽകുകയും, കത്ത് മുഖേന അറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ

സെക്രട്ടറി
നടുവണ്ണൂർ ഗ്രാമ പഞ്ചായത്ത്
ഫോൺ: 9496048173

നടുവണ്ണൂർ ഗ്രാമ പഞ്ചായത്ത് കാര്യാലയം ★ പി.ഒ. നടുവണ്ണൂർ-673614 ★